# വഴിയിലെ തളർച്ച

ഒരിക്കൽ ഒരു രാജാവിന്റെ ഖജനാവിലേക്കുള്ള വിലയേറിയ വസ്തുക്കളുമായി കയറ്റം കയറി ഒരു വണ്ടിയിൽ നിന്നും ഒരു കെട്ട് ഒരു അഗാധമായ കുഴിയിൽ വീണു. ദുർഘടമായ വഴിയിലൂടെയുള്ള യാത്ര ആയിരുന്നതിനാലും വണ്ടിയുടെ നിയന്ത്രണം ശരിയായരീയിയില്ലാഞ്ഞതിനാലും ചുറ്റും നടന്ന പട്ടാളക്കാരുടെ അശ്രദ്ധമൂലവുമാണ് ഇപ്രകാരം സംഭവിച്ചത്. ആ വലിയ കുഴിയിലിറങ്ങി ആരും എടുക്കുവാൻ തയാറാകാതെ ആ കെട്ട് എടുത്തു കൊടുക്കുവാൻ ഒരു ബാലൻ തയ്യാറായി. പക്ഷേ ആ കയറിന്റെ അറ്റം അവന്റെ പിതാവ് മാത്രമേ പിടിക്കാവൂയെന്ന് ആ ബാലന് നിർബന്ധമുണ്ടായിരുന്നു. അപ്രകാരം സമ്മതിച്ച പട്ടാളക്കാരൻ അവന്റെ പിതാവിനെ വിളിച്ചുകൊണ്ടുവരുവാൻ അനുവദിച്ചു. പ്രായമുള്ള പിതാവ് പിടിച്ചു കയറിൽ തൂങ്ങി ഇറങ്ങിയ അവൻ താൻ ഏറ്റ ദൗത്യം പൂർത്തിയാക്കി.മറ്റാരും കയറി പിടിക്കാൻ സമ്മതിക്കാഞ്ഞതിന്റെ കാര്യം ആരാഞ്ഞപ്പോൾ അവൻ പറഞ്ഞത് എന്റെ പിതാവിന് മാത്രമേ വീഴ്ചയിൽ നിന്ന് എന്നെ രക്ഷിക്കാൻ കഴിയുകയുള്ളു. എന്നാണ്.

ഈ കഥ വായിച്ചപ്പോൾ ഇന്നത്തെ വേദഭാഗമാണ് എന്റെ ഓർമ്മയിൽ എത്തിയത്. ഞാൻ പട്ടിണിയായി അവരെ വീട്ടിലേക്ക് അയച്ചാൽ അവർ വഴിയിൽ വെച്ച് തളർന്നു പോകും ഇന്ന് ദൈവമക്കൾ എന്ന് അഭിമാനിക്കുന്നവർ വഴി തെറ്റി യാത്രചെയ്യും.തളർച്ചസംഭവിക്കുമ്പോൾ ജീവിതം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഇതുമൂലമാണ്. എന്നാൽ ചിലരാകട്ടെ ദൈവീക വചനങ്ങൾ ഭക്ഷിക്കുകയും അപ്പനോട് ചേർന്ന് ജീവിക്കുകയും ചെയതിട്ട് പെട്ടെന്ന് എല്ലാം നിസാരമായി കരുതും. ദൂരദേശത്തേക്ക്പോകും അപ്പന്റെ സമ്പാദ്യം തീർന്നാൽ പട്ടിണിയുള്ളവരാകും വചനത്തെ നീ മറന്നാൽ യേശുവോട് ചേർന്ന് നടക്കാതിരുന്നാൽ ക്ഷമകാലം വന്ന് നീ മുട്ടുള്ളവനകും (ലൂക്കാ.15-14) തളർന്ന നിന്നെ സഹായത്തിനായി സമീപിക്കുന്ന ദേശാധിപതി(സാത്താൻ)ഹീനമായപ്രവർത്തികൾകൊണ്ട് ചെയ്യിക്കും പന്നിയുടെ ആഹാരമായവാളവരപോലും ഭശ്രിപ്പാൻ നിനക്ക് തരികയില്ല. അതിനാൽ ഓർക്കുക അപ്പനെ പിരിഞ്ഞ് ദൂരെ മാറിപ്പോകരുതെ.

വായനഭാഗത്ത് യേശു തന്റെ ശിഷ്യൻമാരോടു പറയുന്നു. നിങ്ങൾ ഇവർക്കു ഭക്ഷിപ്പാൻ കൊടുപ്പിൻ മറ്റഉള്ളവർക്ക് ഭക്ഷണം കൊടുക്കണമെകിൽ നമ്മുടെ കൈയ്യിൽ ഭക്ഷണം ഉണ്ടാകണം ഈ ആവശ്യം യേശു നമ്മോടും പറയുന്നു. നാം മാത്രം വചനം ഉൾകൊണ്ടാൽ പോരാ. നാം കേട്ടു അനുഭവിച്ച ആ സദ്വാർത്ത നാം മറ്റുള്ളവരെ അറിയിച്ചിലെകിൽ അത് നമുക്ക് കുറ്റമായിത്തീരും (2 രാജ.7. 9)
പ്രിയരേ യേശുവിന്റെ പാദപീഠത്തിലിരുന്ന് വചനം പഠിക്കുക. ഈ ആശ്വസത്തിന്റെവചനം മറ്റുള്ളവരുമായി പങ്കുവയ്ക്കുക.



*Sis. Shanthamma Varghese*

**ശാന്തമ്മ വർഗീസ്**